കേരള സർക്കാർ

<u>സംഗ്രഹം</u>

വനം - വന്യജീവി വകുപ്പ് - ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി തടി സൗജന്യമായി അനുവദിക്കുന്ന പദ്ധതിയുടെ ആനുകൂല്യം എല്ലാ സർക്കാർ ആവിഷ്കൃത ഭവന പദ്ധതികളിലേയും ഗുണഭോക്താക്കളായ ആദിവാസികൾക്ക് കൂടി ബാധകമാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

**സ.ഉ. (എം.എസ്.) നമ്പർ 78/10/വനം　　　　തീയതി, തിരുവനന്തപുരം, 06.11.2010**

---

പരാമർശം : 1. 26.11.2009 ലെ സ.ഉ. (എം.എസ്.) നം. 52/09/വനം നമ്പർ ഉത്തരവ്.
2. സി.സി.എഫ്. (സംരക്ഷണം) ന്റെ 11.08.2010 ലെ പ്രൊ(5)-7378/09 നമ്പ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, വനാവകാശ നിയമം 2006 എന്നിവയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി, വനം വകുപ്പിൽ നിന്നും സൗജന്യമായി തടി, താഴെ പറയുന്ന ഉപാധികളോടെ അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു.

1. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തടി കോൺക്രീറ്റു വീടുകൾക്ക് ഒരു ക്യുബിക് മീറ്ററും, ഓടിട്ട വീടുകൾക്ക് രണ്ട് ക്യുബിക് മീറ്ററുമായിരിക്കും.
2. ഇത്തരത്തിൽ തടി അനുവദിക്കുന്നത് സൗജന്യമായിട്ടായിരിക്കും.
3. പ്ലാവ്, ആഞ്ഞിലി, മരുതി, ഇരുൾ, ചടച്ചി എന്നീ മരങ്ങളുടെ തടി ലഭ്യതയനുസരിച്ച് ഈ പദ്ധതിപ്രകാരം അനുവദിക്കുന്നതാണ്.
4. ഈ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. റേഷൻ കാർഡ് ലഭിക്കാത്തവർ അതിനുപകരം താൻ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവാണെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ടി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇന്ദിര ആവാസ് യോജന പദ്ധതി അടക്കമുള്ള സർക്കാർ ആവിഷ്കൃത ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ആദിവാസികൾക്ക് കൂടി ബാധകമാക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

മേൽ വിവരിച്ച സാഹചര്യത്തിൽ ഇന്ദിര ആവാസ് യോജന അടക്കമുള്ള സർക്കാർ ആവിഷ്കൃത ഭവന പദ്ധതികളുടെ ഗുണഭോക്താക്കളായ ആദിവാസികളെക്കൂടി 26.11.2009 ലെ സ.ഉ. (എം.എസ്.) 52 / 09 / വനം നമ്പർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി, ടി. ഉത്തരവ് ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
**വി.പി.ജോയ്**<br>
ഗവൺമെന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരം.<br>
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം), തിരുവനന്തപുരം.<br>
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.<br>
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.<br>
ഡയറക്ടർ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്.<br>
ധനകാര്യ വകുപ്പ്.<br>
തദ്ദേശസ്വയംഭരണ വകുപ്പ്.<br>
പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.<br>
ഭവന നിർമ്മാണ വകുപ്പ്<br>
എല്ലാ വകുപ്പ് തലവൻമാർക്കും<br>
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**മേലെഴുത്ത് നമ്പർ പ്രൊ (5) – 7378/2010 തീയതി 23.11.2010**

ഉത്തരവിൻ പ്രകാരം,<br>
(ഒപ്പ്)<br>
**സെക്ഷൻ ഓഫീസർ.**

**പകർപ്പ് എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി നൽകുന്നു.**

(ഒപ്പ്)<br>
**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)ക്കുവേണ്ടി**